നോൺ ടീച്ചിംഗ് സ്റ്റാഫ്

* 814. [7] ശ്രീമതി ഓ. ടി. ശാരദാ കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) നോൺ ടീച്ചിംഗ് സ്റ്റാഫിനു പ്രാവിഡൻറ്ഫണ്ട് ഗ്രാറ്റുവിറ്റി പെൻഷൻ മുതലായവ അനുവദിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണമെന്ത് ;

(ബി) പ്രൈവറ്റ്സ്കൂൾ ടീച്ചർമാരെപ്പോലെ സേവന സ്ഥിരത അവർക്കും അനുവദിക്കുമോ ;

(സി) ജി. ഒ. എം. എസ്. 218 എഡ്യൂക്കേഷൻ ഡിറ്റഡ് 26-3-1962 കാൻസൽ ചെയ്തത് എന്തുകൊണ്ടാണെന്നു പറയുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി) എയിഡഡ് സ്കൂളുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിനെ സംബന്ധിച്ചു കൂടുതൽ ചുമതല ഗവണ്മെൻറു ഏറ്റെടുക്കേണ്ടതില്ലാ എന്നു കരുതുന്നതുകൊണ്ട്. ഇതു മാനേജരന്മാരുടെ പരിധിയിൽപ്പെട്ട കാര്യമാണ്.

(സി) മലബാർഭാഗത്തു ചില അദ്ധ്യാപകർ കൊടുത്തിരുന്ന ചില റിട്ട് ഹർജികളുടെ തീരുമാനമനുസരിച്ച് കാൻസൽ ചെയ്തതാണ്. എന്നാൽ ഈ കാര്യം ഗവണ്മെൻറിന്റെ പുനഃപരിശോധനയിലിരിക്കുന്നു.

ശ്രീമതി ഓ. ടി. ശാരദാ കൃഷ്ണൻ : ഈ ഗവണ്മെൻറു ഇപ്പോൾ അനുവദിച്ചിട്ടുള്ള ഡി. എ. എങ്കിലും ഈ നോൺടീച്ചിംഗ് സ്റ്റാഫിനു കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : അതേപ്പറ്റി പരിശോധിച്ചതിനുശേഷം ഇപ്പോൾ ആ ചുമതലകൂടി ഗവണ്മെൻറു ഏറ്റെടുക്കുന്നതു നന്നായിരിക്കുകയില്ല എന്നു കണ്ടതുകൊണ്ടു മാറ്റിവച്ചിരിക്കുകയാണ്.

ശ്രീ. എം. എം. മത്തായി : ഇപ്പോൾ എൻ. ജി. ഒ. മാക്ക് അവരുടെ ഡി. എ. കൂട്ടിയിരിക്കുന്നതായി പുതിയ ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ടായി. ആ ആനുകൂല്യം നോൺ ടീച്ചിംഗ് സ്റ്റാഫിൽപ്പെട്ട എൻ. ജി. ഒ. മാക്കുംകൂടി കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ . എൻ. ജി. ഒ. മാക്കുള്ള ആനുകൂല്യങ്ങളും പ്രൈവറ്റ് സ്കൂൾഅദ്ധ്യാപകക്കുതന്നെ മുമ്പ് അനുവദിച്ചിരുന്നില്ല. അതു അവർക്കു നൽകിയിരുന്നില്ല. ഇപ്പോൾ നോൺടീച്ചിംഗ് സ്റ്റാഫിനു അതു കൊടുക്കാൻ സാധിക്കുമോ എന്നാണു ചോദിക്കുന്നതു. അതു വളരെ വിപുലമാണ്.

ശ്രീ. എം. എം. സുന്ദരം : മറ്റുള്ള അദ്ധ്യാപകക്കു ഈ ഹിൽ അലവൻസു കൊടുക്കുന്നുണ്ട്. എന്നാൽ ഈ നോൺടീച്ചിംഗ് സ്റ്റാഫിനു മാത്രം കൊടുക്കാതിരിക്കുന്നതിനു കാരണമെന്താണ്. നോൺടീച്ചിംഗ് സ്റ്റാഫ് എന്നു പറയുന്നതു മറ്റുള്ള അദ്ധ്യാപകരെപ്പോലെയല്ലേ ?

ശ്രീ. ആർ. ശങ്കർ : മാനേജരന്മാരാണ് അവരെ നിയമിക്കുന്നതു. അവർക്കു യോഗ്യത ക്ലിപ്തപ്പെടുത്തീട്ടുണ്ടെങ്കിലും യോഗ്യതയില്ലാത്തവരേയും നിയമിക്കുന്നുണ്ട്.

ശ്രീ. കെ. കൃഷ്ണപിള്ള : ഈക്കൊല്ലം എൻ. ജി. ഒ. മാക്ക് ഡി. എ. വർദ്ധിപ്പിക്കുന്നതോടൊപ്പം പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാക്കും അതു ബാധകമാണെന്നു പറയുന്നുണ്ട്. അപ്പോൾ അതു ഈ നോൺ ടീച്ചിംഗ് സ്റ്റാഫിനുംകൂടി ബാധകമാക്കുമോ ?

ശ്രീ. ആർ. ശങ്കർ : പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകർക്കു മാത്രമേ ഇപ്പോൾ ബാധകമാക്കീട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly